# വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല)

വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട് - 673011

(വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 42(5) അനുസരിച്ച് രൂപം കൊണ്ടത് / സ്ഥാപിതമായത്.)

ടെലിഫോൺ നംബർ - 0495 2367820

ഇ മെയിൽ. cgrfkzd@kseb.in

## <u>സാന്നിദ്ധ്യം</u>

സന്ധ്യാ ദിവാകർ : അദ്ധ്യക്ഷ

ഫ്രാൻസിസ് എ. സി. : അംഗം (നിയമം)

# <u>O.P.No. 75/2025-26</u>

<u>പരാതിക്കാരൻ :</u>

1. ശ്രീ. മുഹമ്മദ് അസ്‌ലം , വടക്കേ അഴീക്കൽ സെയിൻ,
   എടക്കുളം പോസ്റ്റ്, കൊയിലാണ്ടി , കോഴിക്കോട്

<u>എതിർകക്ഷികൾ :</u>

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കൊയിലാണ്ടി നോർത്ത് ,
   കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്– ജില്ല.

2. അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ,
   കൊയിലാണ്ടി സൗത്ത് , കെ.എസ്.ഇ.ബി ലിമിറ്റഡ്,
   കോഴിക്കോട് –ജില്ല.

# ഉത്തരവ്

പരാതിയുടെ പശ്ചാത്തലം:-

കൊയിലാണ്ടി സൗത്ത് ഇലക്ട്രിക്കൽ സെക്ഷനു കീഴിലെ ഉപഭോക്താവായ പരാതിക്കാരൻ, ശ്രീ മുഹമ്മദ് അസ്‌ലം,വടക്കേ അഴീക്കൽ, സെയിൻ, എടക്കുളം പോസ്റ്റ്, കൊയിലാണ്ടി, കോഴിക്കോട്-ജില്ല., Con No: 1166212026236 എന്നവർ, ഇലക്ട്രിസിറ്റി ലീക്കേജ് മൂലം തനിക്ക് ലഭിച്ച അധികമായ ബില്ലിനെതിരെയാണ് ഫോറത്തെ സമീപിച്ചിരിക്കുന്നത്.

പരാതിക്കാരന്റെ വാദം :-

കൊയിലാണ്ടി സൗത്ത് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുള്ള പരാതിക്കാരൻ താൻ പൂക്കാട് kseb ഓഫീസിലെ ഒരു ഉപഭോക്താവാണ് എന്ന് ഫോറത്തെ അറിയിക്കുന്നു. തന്റെ വീട്ടിൽ ആരും താമസം ഇല്ല എന്നും താനും ഫാമിലിയും ഗൾഫിൽ സ്ഥിര താമസക്കാരാണെന്നും കൂടാതെ തന്റേത് പുതിയ വീടാണെന്നും പരാതിക്കാരൻ അറിയിക്കുന്നു.

എല്ലാ വർഷവും ജൂലൈ ആഗസ്റ്റ് മാസങ്ങളിലാണ് തങ്ങൾ നാട്ടിൽ താമസിക്കാറുള്ളതെന്നും സാധാരണ മാസങ്ങളിൽ കറന്റ് ബില്ല് വരാറുള്ളത് 500 മുതൽ 600 രൂപ വരെ ആണ് എന്നും, ജൂലൈ - ആഗസ്റ്റ് മാസങ്ങളിൽ 2000 രൂപ മുതൽ 3000 രൂപ വരെയാണ് എന്നും എന്നാൽ ഈ മാസം 15967 രൂപ ബില്ല് വരികയുണ്ടായി എന്നും പരാതിക്കാരൻ ബോധിപ്പിക്കുന്നു. തുടർന്ന് അന്വേഷിച്ചപ്പോൾ മീറ്റർ ബോക്സിന്

അടുത്തുള്ള ഫ്യൂസ് ഷോർട് ആയി കറന്റ് എർത്ത് ആയി പോയതാണെന്ന് പരാതിക്കാരന് മനസ്സിലാകുകയും ചെയ്തു. പിന്നീട് പൂക്കാട് KSEB, കൊയിലാണ്ടി അസിസ്റ്റന്റ് എഞ്ചിനീയർക്ക് പരാതി കൊടുത്തപ്പോൾ വേണമെങ്കിൽ ബില്ല് ഇൻസ്റ്റാൾമെൻറ് ആയിട്ടു തരാം എന്നും ഉപയോഗിച്ചാലും ഇല്ലെങ്കിലും ബില്ല് വന്ന കറന്റ് ബില്ല് അടവാക്കണം എന്നുള്ള മറുപടിയാണ് ലഭിച്ചത്. താൻ ഉപയോഗിക്കാത്ത കറണ്ടിന്റെ ബില്ല് താൻ എങ്ങനെ അടയ്ക്കും എന്ന് പരാതിക്കാരൻ ഫോറത്തിനു മുൻപാകെ ബോധിപ്പിക്കുന്നു. ആയതിനാൽ ദയവു ചെയ്ത് തന്റെ പരാതി സ്വീകരിച്ച് ഒരു പരിഹാരം കാണാൻ പരാതിക്കാരൻ ബഹുമാനപ്പെട്ട ഫോറത്തോട് വിനീതമായി അപേക്ഷിക്കുന്നു.

<u>എതിർകക്ഷിയുടെ വാദം :-</u>

എതിർകക്ഷിയുടെ കാര്യവിവരപത്രിക പ്രകാരം പരാതിയിൽ സൂചിപ്പിച്ചിട്ടുള്ള ത്രീ ഫേസ് ഗാർഹിക വൈദ്യുതി കണക്ഷൻ പരാതിക്കാരന്റെ പേരിൽ കൊയിലാണ്ടി സൗത്ത് സെക്ഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇപ്പോൾ ഉപയോഗിച്ച വരുന്നതുമാണ്. കഴിഞ്ഞ ആറുമാസമായി ശരാശരി 100 യൂണിറ്റ് /മാസം എന്ന നിരക്കിലാണ് മേൽ ഉപഭോക്താവിന്റെ വൈദ്യുതി ഉപഭോഗമെന്നും ടിയാൻ 13.11.2025 വരെയുള്ള വൈദ്യുത ബില്ല് കൃത്യമായി അടച്ചിട്ടുള്ളതാണെന്നും

എതിർകക്ഷി അറിയിക്കുന്നു. തുടർന്ന് 13.11.2025 മുതൽ 13.01.2026 വരെ 1499 യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചതിന് ടിയാന് 15927/- രൂപയുടെ വൈദ്യുതി ബില്ല് സെക്ഷൻ ഓഫീസിൽ നിന്നും 13.01.2026 ന് നൽകിയിട്ടുള്ളതും ആയത് പരാതിക്കാരൻ ഇതുവരെ അടവാക്കിയിട്ടില്ലാത്തതുമാണ്.

ആൾ താമസമില്ലാതെ അധിക കറന്റ് ബില്ല് വന്നു എന്ന പ്രസ്തുത പരാതിയിൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തുകയും, ലോഹ നിർമ്മിത മെയിൻ സ്വിച്ച് ബോർഡിൽ വയറിംഗിലെ ഇൻസുലേഷൻ തകരാർ കാരണം, എർത്ത് ലീക്കേജ് അനുഭവപ്പെട്ടതാണ് അധിക യൂണിറ്റ് വൈദ്യുതി ഉപയോഗിക്കപ്പെട്ടതിന് കാരണം എന്ന് കണ്ടെത്തിയിട്ടുള്ളതുമാണെന്ന് എതിർകക്ഷി ഫോറത്തെ അറിയിക്കുന്നു. കൂടാതെ പ്രസ്തുത എർത്ത് ലീക്കേജ് തകരാർ പരിശോധന സമയത്ത് പരിഹരിക്കപ്പെട്ട നിലയിലാണ് എന്നും വൈദ്യുതി മീറ്റർ പരിശോധിച്ചതിൽ യാതൊരു തകരാറും കണ്ടെത്താനായില്ല എന്നും ആയത് സൈറ്റ് പരിശോധന സമയത്ത് തയ്യാറാക്കിയ സൈറ്റ് മഹസ്സറിൽ സൂചിപ്പിച്ചിട്ടുള്ളതാണെന്നും എതിർകക്ഷി പ്രസ്താവിക്കുന്നു. കൂടാതെ ടിയാന്റെ പ്രതിനിധിയായി പരിശോധന സമയത്ത് അടുത്തുണ്ടായിരുന്ന ആളെ ഇത് ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും സൈറ്റ് മഹസ്സറിന്റെ കോപ്പി (Exhibit R1) ഹാജരാക്കിക്കൊണ്ട് എതിർകക്ഷി വാദിക്കുന്നു. എർത്ത്

ലീക്കേജ് മൂലമുണ്ടാകുന്ന വൈദ്യുതി നഷ്ടം ഇളവുചെയ്യാൻ നിലവിൽ വ്യവസ്ഥയില്ലെന്ന് ഉപഭോക്താവിനെ വാക്കാൽ അറിയിച്ചിട്ടുണ്ട് എന്നും എതിർകക്ഷി അറിയിക്കുന്നു.

തുടർന്ന് `മേൽ പരിശോധന റിപ്പോർട്ടിന്റെ (Exhibit R1) അടിസ്ഥാനത്തിൽ, പരാതിക്കാരന്റെ പരാതി തീർപ്പാക്കി നീക്കം ചെയ്യണമെന്ന് ബഹുമാനപ്പെട്ട ഫോറത്തോട് എതിർകക്ഷി താഴ്മയായി അറിയിക്കുന്നു.

<u>അവലോകനങ്ങളും കണ്ടെത്തലുകളും</u>

തുടർന്ന് 25.02.2026 രാവിലെ 11.00 മണിക്ക് സി.ജി.ആർ.എഫ് (നോർത്ത്) കോർട്ട് ഹാളിൽ വെച്ച് നടന്ന ഹിയറിംഗിൽ ഇരു കൂട്ടരും സന്നിഹിതരായിരുന്നു.

മെയിൻ സ്വിച്ചിനടുത്ത് നിന്നാണ്, മീറ്ററിന് ശേഷം ആണ്, എർത്ത് ലീക്കേജ് സംഭവിച്ചിരിക്കുന്നത് എന്നും സൈറ്റ് മഹസറിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ തർക്കമില്ല എന്നും പരാതിക്കാരന്റെ പ്രതിനിധി ബോധിപ്പിച്ചു. തങ്ങൾ ഉപയോഗിക്കാത്ത വൈദ്യുതിയുടെ ചാർജ്ജ് അടക്കുന്നതിൽ നിന്ന് ഒഴിവാക്കിത്തരണമെന്നും ശരാശരി ഉപഭോഗ പ്രകാരം ഉള്ള തുക അടക്കാൻ തങ്ങൾ തയ്യാറാണ് എന്നും പരാതിക്കാരന്റെ പ്രതിനിധി അറിയിച്ചു.

എന്നാൽ നിയമാനുസൃതമായി തവണ വ്യവസ്ഥ അനുവദിക്കാൻ മാത്രമേ കഴിയൂ എന്നും അതിന് തയ്യാറാണെന്നും എതിർകക്ഷി അറിയിച്ചു. ഫോറം ആയത് ശരിവെച്ചു.

ബിൽ തുകയിൽ ഇളവ് ലഭിക്കുക എന്നതാണ് ആവശ്യമെന്നും തവണകൾ ആവശ്യമില്ലെന്നും പരാതിക്കാരൻ അറിയിച്ചു.

മേൽ പരാമർശിച്ച അവലോകനങ്ങളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിലും, ഇരുകക്ഷികളും ഫോറത്തിനു മുമ്പാകെ സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിലും ഫോറം താഴെ പറയുന്ന തീരുമാനങ്ങളിൽ എത്തിച്ചേർന്നിരിക്കുന്നു.

<u>തീരുമാനം :</u>

*പരാതി തള്ളി തീർപ്പാക്കിയിരിക്കുന്നു .*

രണ്ടായിരത്തി ഇരുപത്തി ആറാമാണ്ട് ഫെബ്രുവരി മാസം 25–)0 തിയ്യതി.

| | |
|---|---|
| Sd/- | Sd/- |
| ഫ്രാൻസിസ്. എ. സി, | സന്ധ്യാ ദിവാകർ |
| അംഗം (നിയമം) | അദ്ധ്യക്ഷ |

അയയ്ക്കുന്നത്:

1. ശ്രീ. മുഹമ്മദ് അസ്‌ലം,
വടക്കേ അഴീക്കൽ സെയിൻ,
എടക്കുളം പോസ്റ്റ്,
കൊയിലാണ്ടി ,
കോഴിക്കോട്

(സ്പീഡ് പോസ്റ്റ് മുഖാന്തരം)

ഫോറത്തിന്റെ മേൽ ഉത്തരവിൽ സംതൃപ്തനാവാത്ത പക്ഷം പരാതിക്കാരന് / പരാതിക്കാരിക്ക് ഈ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം ബഹു. ഇല.ഓംബുഡ്സ്മാൻ സമക്ഷം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ് :
സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ,
ഡി.എച്ച്.റോഡ്, ഫോർ ഷോർ റോഡ്
ജംഗ്ഷൻ, ഗാന്ധി സ്ക്വയറിനു സമീപം,
എറണാകുളം, കേരളം– 682 016.

( ഫോൺ 0484- 2346488)

2. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ്.ഇ.ബി ലിമിറ്റഡ്
കൊയിലാണ്ടി നോർത്ത് , കോഴിക്കോട്– ജില്ല.

3. അസിസ്റ്റൻറ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി ലിമിറ്റഡ്
കൊയിലാണ്ടി സൗത്ത് ,കോഴിക്കോട്– ജില്ല.

പകർപ്പ് സമർപ്പണം :

1. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്,
വൈദ്യുതിഭവനം,തിരുവനന്തപുരം.

2. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,
TRAC, വൈദ്യുതിഭവനം,
തിരുവനന്തപുരം.
(ഇമെയിൽ മുഖാന്തരം)

Forwarded

**Sd/-**

**Chairperson**